LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വലപ്പാട് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ 2011-12 വർഷത്തിൽ അനുവദിച്ച അധിക പ്ലസ് ടു ബാച്ചിന്റെ പ്രവർത്തനം കുട്ടികളുടെ കുറവുമൂലം ടി അദ്ധ്യായന വർഷം ആരംഭിച്ചിരുന്നില്ല. അതിനുശേഷം 2012-13 അദ്ധ്യായന വർഷം മുതൽ മതിയായ കുട്ടികൾ ഉള്ളതിനാൽ ടി ബാച്ചിന് പ്രവർത്തനാനുമതി നൽകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് 2014-ൽ ഹയർ സെക്കണ്ടറി ഡയറക്ടറിൽനിന്നും ലഭിച്ച ശിപാർശ സർക്കാർ പരിശോധിച്ചുവരികയാണ്. ബാച്ചിന് പ്രവർത്തനാനുമതി നൽകിയശേഷം തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി&സി) ജോലി ഭാരത്തിനനുസൃതമായി തസ്തികകൾ സൃഷ്ടിച്ചിട്ടില്ലാത്തതിനാലാണ് ഗസ്റ്റ് അദ്ധ്യാപകർക്ക് വേതനം നൽകാൻ കഴിയാതിരുന്നത്. തസ്തികകൾ സൃഷ്ടിച്ചതിനുശേഷം നിലവിലുള്ള നിയമങ്ങൾക്കനുസൃതമായി നിയമിക്കപ്പെട്ട യോഗ്യരായ എല്ലാ ഗസ്റ്റ് അദ്ധ്യാപകർക്കും ശമ്പള കുടിശ്ശിക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ ഇൻസ്ട്രക്ടർമാരുടെ വേതനം

57 (4668) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ MGLC (മൾട്ടി ഗ്രേഡ് ലേണിംങ് സെന്റർ) ഇൻസ്ട്രക്ടർമാരുടെ വേതനം പതിനായിരം രൂപയായി വർദ്ധിപ്പിക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ശുപാർശ പരിഗണിച്ച് മേൽ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മനുഷ്യാവകാശ കമ്മീഷൻ ശിപാർശ പരിഗണിച്ച് വിദ്യാ വോളന്റിയർമാരുടെ വേതനം 3000 രൂപയിൽ നിന്നും 5000 രൂപയായി ഉയർത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതൽ ഇവർക്ക് 5000 രൂപ ഓണറേറിയം നൽകുന്നുണ്ട്.